**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1335** **19-06-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാനപാതാ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാനപാതയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത നിർമ്മാണപ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാനാകുമെന്നും വ്യക്തമാക്കുമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന തൃശ്ശൂർ-കുറ്റിപ്പുറം സ്റ്റേറ്റ് ഹൈവേയ്ക്ക് 316.82 കോടി രൂപക്ക് ഭരണാനുമതി നൽകുകയും M/s. Ray-PRL (JV) എന്ന കമ്പനി കരാർ ഏറ്റെടുക്കുകയും ചെയ്തിരുന്നു. പൂർത്തീകരണ കാലയളവിനുള്ളി ൽ പ്രവൃത്തിയുടെ 21.02% മാത്രമാണ് പൂർത്തീകരിച്ചത്. പ്രവൃത്തി പൂർത്തിയാക്കുന്നതിലെ അലംഭാവം കാരണം കരാറുകാരനെ ടെർമിനേറ്റ് ചെയ്തുകൊണ്ട് Termination Order 07.05.2024ന് നൽകിയിട്ടുള്ളതാണ്.<br><br>പദ്ധതിയുടെ പൂർത്തീകരിച്ച പ്രവർത്തികളുടെയും കരാർ പ്രകാരമുള്ള ബാലൻസ് പ്രവർത്തികളുടെയും Valuation പുരോഗമിക്കുകയാണ്. പദ്ധതി റീടെൻഡർ ചെയ്യാൻ ആവശ്യമായ പുതുക്കിയ ഡിപിആർ കൺസൽട്ടന്റ് സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ Ground Truthing നടന്നു വരികയുമാണ്. Ground Truthing പൂർത്തിയാക്കി, അന്തിമ ഡി.പി.ആർ RKI യുടെയും KfW ന്റെയും അനുമതിക്കായി സമർപ്പിച്ച് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി റീടെൻഡർ ചെയ്യുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കും. |
| (ബി) | പ്രസ്തുത പാതയിൽ ഉൾപ്പെടുന്ന, മണലൂർ മണ്ഡലത്തിലെ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരയുള്ള റോഡ് തകർന്നുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡ് അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ബി) | റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് 29 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി. കെ.എസ്.റ്റി.പി കുറ്റിപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ